## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ : 3971** 15.03.2017-ൽ മറുപടി നൽകിയത്

### കൊരട്ടി സർവ്വീസ് സഹകരണ ബാങ്കിന്റെ നീതി മെഡിക്കൽ സ്റ്റോർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി: | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കൊരട്ടി സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിൽ ചാലക്കുടിയിൽ പ്രവർത്തിച്ചുവരുന്ന നീതി മെഡിക്കൽ സ്റ്റോർ, ബാങ്കിന്റെ പ്രവർത്തനപരിധിയിലുള്ള `ചെറങ്ങര` യിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ആയത് പരിഹരിച്ച് അനുമതി നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | ഇപ്പോൾ പരിഹരിച്ചിട്ടുണ്ട്. കൊരട്ടി സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിൽ ചാലക്കുടിയിൽ പ്രവർത്തിച്ചുവരുന്ന നീതി മെഡിക്കൽ സ്റ്റോർ, ബാങ്കിന്റെ പ്രവർത്തനപരിധിയിലുള്ള ചെറങ്ങര യിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് 24.03.2017 ലെ സി.എസ്. (3) 47421/16 നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# കേരള സംസ്ഥാന സഹകരണസംഘം രജിസ്ട്രാർ ആഫീസിലെ സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ) പുറപ്പെടുവിക്കുന്ന ഉത്തരവ്.

സി.എസ്.(3)47421/2016 തിരുവനന്തപുരം, 24.03.2017

വിഷയം:- 590-ാം നമ്പർ കൊരട്ടി സർവ്വീസ് സഹകരണ ബാങ്ക്- നീതി മെഡിക്കൽ സ്റ്റോർ മാറ്റി സ്ഥാപിക്കുന്നതിന്- അനുമതി സംബന്ധിച്ച്.

സൂചന:-1) സഹകരണ സംഘം രജിസ്ട്രാറുടെ 24.08.1998 ലെ സി.എസ്(1)12682/98 നമ്പർ ഉത്തരവ്.
2) സംഘം ഭരണസമിതിയുടെ 29.07.2016 ലെ 15-ാം നമ്പർ തീരുമാനം.
3) തൃശൂർ ജനറൽ വിഭാഗം-ജോയിന്റ് രജിസ്ട്രാറുടെ 26.10.2016, 17.02.2017 എന്നീ തീയതികളിലെ സി.എസ് 6526/2016 നമ്പർ കത്തുകൾ

590-ാം നമ്പർ കൊരട്ടി സർവ്വീസ് സഹകരണ ബാങ്കിന് മുകുന്ദപുരം താലൂക്കിൽ ചാലക്കുടി ഗവൺമെന്റ് ആശുപത്രിയോടു ചേർന്ന് ഒരു നീതി മെഡിക്കൽ സ്റ്റോർ തുടങ്ങുന്നതിന് സൂചന(1) പ്രകാരം അനുമതി നൽകിയിരുന്നു. പൊതു ജനങ്ങൾക്ക് കുറഞ്ഞ വിലക്ക് മരുന്നു ലഭിക്കണമെങ്കിൽ, 3 കിലോമീറ്റർ അകലെയുള്ള നീതി മെഡിക്കൽ സ്റ്റോറുകളെ ആശ്രയിക്കേണ്ടതായി വരുന്നുണ്ട് എന്നും, ആയതു പരിഹരിക്കുന്നതിന് ചിറങ്ങരയിൽ ഒരു നീതി മെഡിക്കൽ സ്റ്റോർ തുടങ്ങണമെന്നുമുള്ള പൊതുജനങ്ങളുടെ ആവശ്യം പരിഗണിച്ച്, ചാലക്കുടി ഗവൺമെന്റ് ആശുപത്രിയോട് ചേർന്ന് ആരംഭിക്കുന്നതിന് സംഘത്തിന് അനുമതി നൽകിയ നീതി മെഡിക്കൽ സ്റ്റോർ കൊരട്ടി ഗ്രാമപഞ്ചായത്തിൽ ബാങ്കിന്റെ ചിറങ്ങര ബ്രാഞ്ച് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറിലുള്ള '14/292 എ' നമ്പർ വാടക കെട്ടിട മുറിയിൽ മാറ്റി സ്ഥാപിക്കുന്നതിന് സൂചന (2) പ്രകാരം ഭരണസമിതി തീരുമാനം കൈക്കൊണ്ട് സൂചന (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

സൂചന (2)പ്രകാരമുള്ള സംഘം ഭരണസമിതി തീരുമാനം, സൂചന (3) പ്രകാരമുള്ള തൃശൂർ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാറുടെ ശുപാർശ ഇവ പരിഗണിച്ച് താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

590-ാം നമ്പർ കൊരട്ടി സർവ്വീസ് സഹകരണ ബാങ്കിന് മുകുന്ദപുരം താലൂക്കിൽ ചാലക്കുടി ഗവൺമെന്റ് ആശുപത്രിയോടു ചേർന്ന് ആരംഭിക്കുന്നതിന് അനുമതി നൽകിയ നീതി മെഡിക്കൽ സ്റ്റോർ കൊരട്ടി ഗ്രാമപഞ്ചായത്തിൽ ടി സംഘത്തിന്റെ ചിറങ്ങര ബ്രാഞ്ച് പ്രവർത്തിക്കുന്ന കെട്ടിട

ത്തിന്റെ ഗ്രൗണ്ട് ഫ്ളോറിലുള്ള '14/292 എ' നമ്പർ വാടക കെട്ടിട മുറിയിൽ മാറ്റി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഒപ്പ്),

അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ)
സഹകരണ സംഘം രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്.

1. സെക്രട്ടറി,
   കൊരട്ടി സർവ്വീസ് സഹകരണ ബാങ്ക്, ക്ലിപ്തം നം.590,
   കൊരട്ടി.പി.ഒ, തൃശൂർ ജില്ല
2. മാനേജിംഗ് ഡയറക്ടർ,
   കൺസ്യൂമർഫെഡ്,
   ഗാന്ധിനഗർ, കൊച്ചി-20, എറണാകുളം
3. ജോയിന്റ് രജിസ്ട്രാർ (ജനറൽ), തൃശൂർ
4. സ്റ്റോക്ക് ഫയൽ
5. സ്പെയർ.

// ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (കൺസ്യൂമർ)

എസ്.ആർ-24.03.2017